**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 448** **21-03-2025 - ൽ മറുപടിയ്ക്ക്**

**നാളികേര സംഭരണകേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാളികേര സംഭരണകേന്ദ്രങ്ങളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവരുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) | നാളികേര സംഭരണ കേന്ദ്രങ്ങളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞിട്ടില്ല. നാളികേരത്തിന്റെ വില സംഭരണ വിലയേക്കാൾ താഴുകയും കർഷകർക്ക് നിലവിലെ സംഭരണ കേന്ദ്രങ്ങൾ അപര്യാപ്തമാണെന്ന് കാണുകയും ചെയ്താൽ അധിക സംഭരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>നിലവിൽ സംസ്ഥാനത്ത് കിലോയ്ക്ക് 34 രൂപയാണ് നാളികേരത്തിന്റെ സംഭരണ വിലയായി നിശ്ചയിച്ചിട്ടുള്ളത്. പൊതു വിപണിയിൽ നാളികേരത്തിന്റെ വില 34 രൂപയിൽ കുറയുന്ന അവസരങ്ങളിൽ മാത്രമാണ് കർഷകർ നാളികേര സംഭരണ കേന്ദ്രങ്ങളെ ആശ്രയിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് നാളികേരത്തിന് മെച്ചപ്പെട്ട വിപണി വില ലഭിക്കുന്നതിനാലും വിനിമയ വേഗം കൂടുതലായതിനാലും കർഷകർ സംഭരണ കേന്ദ്രങ്ങളുടെ സേവനം ഉപയോഗപ്പെടുത്തുന്നില്ല. |
| (ബി) | കഴിഞ്ഞ സാമ്പത്തികവർഷത്തിൽ നിന്നും നടപ്പ് സാമ്പത്തികവർഷത്തിൽ നാളികേര സംഭരണകേന്ദ്രങ്ങളുടെ എണ്ണത്തിൽ അമ്പത് ശതമാനത്തോളം കുറവ് വരുത്തിയതിന്റെ കാരണം വിശദമാക്കുമോ; | (ബി) | നാളികേര സംഭരണ കേന്ദ്രങ്ങളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞിട്ടില്ല. നാളികേരത്തിന്റെ വില സംഭരണ വിലയേക്കാൾ താഴുകയും കർഷകർക്ക് നിലവിലെ സംഭരണ കേന്ദ്രങ്ങൾ അപര്യാപ്തമാണെന്ന് കാണുകയും ചെയ്താൽ അധിക സംഭരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>നിലവിൽ സംസ്ഥാനത്ത് കിലോയ്ക്ക് 34 രൂപയാണ് നാളികേരത്തിന്റെ സംഭരണ വിലയായി നിശ്ചയിച്ചിട്ടുള്ളത്. പൊതു വിപണിയിൽ നാളികേരത്തിന്റെ വില 34 രൂപയിൽ കുറയുന്ന |

| | | | |
|---|---|---|---|
| | | | അവസരങ്ങളിൽ മാത്രമാണ് കർഷകർ നാളികേര സംഭരണ കേന്ദ്രങ്ങളെ ആശ്രയിക്കുന്നത്. നടപ്പ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് നാളികേരത്തിന് മെച്ചപ്പെട്ട വിപണി വില ലഭിക്കുന്നതിനാലും വിനിമയ വേഗം കൂടുതലായതിനാലും കർഷകർ സംഭരണ കേന്ദ്രങ്ങളുടെ സേവനം ഉപയോഗപ്പെടുത്തുന്നില്ല. |
| (സി) | നാളികേര സംഭരണകേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | നാളികേരത്തിന്റെ വിപണിവില സംഭരണ വിലയേക്കാൾ താഴുകയും കർഷകർക്ക് നിലവിലെ സംഭരണ കേന്ദ്രങ്ങളുടെ സേവനം അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്താൽ അധിക സംഭരണ കേന്ദ്രങ്ങൾ ആവശ്യാനുസരണം തുടങ്ങുന്നതാണ്. താല്പര്യമുള്ള ഏതൊരു സംഘത്തിനും (പ്രാഥമിക സഹകരണ സംഘങ്ങൾ/ കാർഷിക സംഘടനകൾ / കൃഷി കൂട്ടങ്ങൾ തുടങ്ങിയവ) അതാത് ജില്ലാ മോണിറ്ററിങ് സമിതി മുമ്പാകെ അപേക്ഷ സമർപ്പിച്ച് നാളികേര സംഭരണ കേന്ദ്രം തുടങ്ങാവുന്നതാണ്. കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്നതിനായി 2022-23 വർഷം മുതൽ വി.എഫ്.പി.സി.കെ സമിതികളെയും നാളികേര സംഭരണ കേന്ദ്രങ്ങളായി അനുവദിച്ചിട്ടുള്ളതും 70-ഓളം പുതിയസംഭരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ